**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**384** **29.01.2019**-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അൻവർ സാദത്ത് | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**വായ്പ എടുത്ത തുക**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂൺ ഒന്ന് മുതൽ കടപ്പത്രങ്ങൾ വഴിയും മറ്റും എന്ത് തുക വായ്പയായി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് അക്കൗണ്ടന്റ് ജനറൽ സംസ്ഥാനത്തിന്റെ അന്തിമ കണക്കുകൾ തയ്യാറാക്കുന്നത്. അതുപ്രകാരം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 29,083.55 കോടി രൂപ, 24,429.28 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2018 നവംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12,241.20 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട്, മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 9,564.86 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം കടം വാങ്ങിയ തുക ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ; | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനു ശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. |
| (സി) | വായ്പ എടുത്ത തുക കടബാധ്യത തീർക്കുന്നതിനും മൂലധന ചെലവുകൾക്കുമല്ലാതെ ചെലവഴിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**